പതിമൂന്നാം കേരള

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 171 06.01.2014 ൽ മറുപടിക്ക്

## എയർ കേരള പദ്ധതി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. പി. ഉബൈദുള്ള: | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | എയർ കേരള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദീകരിക്കാമോ; | (എ) യും (ബി) യും: ഏണസ്റ്റ് & യംഗ് എന്ന കൺസൾട്ടന്റുകൾ സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി അന്താരാഷ്ട്ര മേഖലയിൽ പ്രവർത്തിക്കാൻ അനുമതി ലഭിച്ചശേഷം എയർകേരള എയർലൈൻ സർവ്വീസ് ആരംഭിക്കുവാൻ എയർ കേരള ഇന്റർനാഷണൽ സർവ്വീസ് ലിമിറ്റഡ് കമ്പനിയുടെ ബോർഡ് തീരുമാനിച്ചിരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തരമേഖലയിലെ പ്രവൃത്തി പരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. ഈ നിബന്ധനകളിൽ ഇളവിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം എന്നും തീരുമാനിച്ചാണ് പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചത്.<br>പ്രസ്തുത നിബന്ധനകൾ ഇളവ് ചെയ്ത് നൽകണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇളവുകൾ ഇതുവരെ അനുവദിച്ചിട്ടില്ല. ഇളവുകൾ ലഭിക്കുന്നമുറക്ക് 'എയർകേരള'ക്ക് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഇളവുകൾ നല്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. |
| (ബി) | എയർലൈൻ സർവ്വീസുകൾ ആരംഭിക്കുന്നതിന് ഡയറക്ടർ ജനറൽ ഓഫ് ഓഫീസിൽ ഒ സിവിൽ ഏവിയേഷന്റെ എൻ.ഒ.സി. ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വിശദമാക്കുമോ? ; | |

സെക്ഷൻ ഓഫീസർ